# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3582 | 22.08.2017 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികളിലെ ധാന്യങ്ങളുടെയും പൂരക പോഷകങ്ങളുടെയും ഗുണനിലവാരം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.എൻ. ഷംസുദ്ദീൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ അംഗൻവാടികളിൽ ഉപയോഗിക്കുന്ന ധാന്യങ്ങളുടെയും പൂരക പോഷകങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടാണോ ഇവ വിതരണം ചെയ്യുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (ബി) 6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് അമൃതം ന്യൂട്രിമിക്സും 3 മുതൽ 6 വയസ്സുവരെ പ്രായമുള്ളവർക്ക് പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, വൈകുന്നേരത്തെ ഭക്ഷണവും, ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും ജനറൽ ഫീഡിംഗും ആണ് അങ്കണവാടി വഴി നൽകുന്നത്. കുടുംബശ്രീ യൂണിറ്റ് വഴി തയ്യാറാക്കുന്ന അമൃതം ന്യൂട്രിമിക്സ് വിതരണത്തിനു മുൻപ് സാമ്പിൾ കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന്റെ കീഴിൽ ചെന്നൈയിൽ പ്രവർത്തിക്കുന്ന Quality Control Laboratory യിൽ പരിശോധിക്കുന്നുണ്ട്. അമൃതം ന്യൂട്രിമിക്സിന് FSSAI രജിസ്ട്രേഷനും മൂന്ന് ലെയർ പായ്ക്കറ്റും ഇതിന് ഉപയോഗിക്കുന്ന ഗോതമ്പ്, സോയ, കടല മുതലായവ Fair Average Quality (FAQ) നിലവാരം പുലർത്തുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്. കൂടാതെ അങ്കണവാടികളിൽ ധാന്യങ്ങൾ ശുചിത്വവും സുരക്ഷിതവുമായി സൂക്ഷിക്കുന്നതിന് പ്രത്യേക കണ്ടെയിനറുകളും അലമാരകളും സജ്ജീകരിച്ചിട്ടുണ്ട്. 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കും ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും നൽകുന്ന |

| | |
|---|---|
| | ഭക്ഷണങ്ങൾക്ക് ഉപയോഗിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ Fair Average Quality (FAQ) ഉറപ്പാക്കുന്നുണ്ട്. ഭക്ഷ്യധാന്യങ്ങൾ പ്രധാനമായും വാങ്ങി വിതരണം നടത്തുന്നത് മാവേലി സ്റ്റോർ, നീതി സ്റ്റോർ മുതലായവ വഴിയാണ്. ഇവിടെ നിന്നും വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കിയശേഷം മാത്രം അങ്കണവാടിയിലെ ഉപയോഗത്തിന് വിതരണം നടത്തുവാൻ പാടുള്ളൂ എന്ന കർശന നിർദ്ദേശം ശിശു വികസന പദ്ധതി ഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർക്ക് നൽകിയിട്ടുണ്ട്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയിൽ നിന്നും ഏറ്റെടുക്കുന്ന അരിയുടെ ഗുണനിലവാരം പ്രോഗ്രാം ഓഫീസർ തലത്തിൽ പരിശോധന നടത്തി ഉറപ്പാക്കുന്നുണ്ട്. കൂടാതെ അങ്കണവാടി ജീവനക്കാർക്ക് Food Safety Act പ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റും അതോടൊപ്പം എല്ലാ അങ്കണവാടികൾക്കും Food Safety Act പ്രകാരമുള്ള രജിസ്ട്രേഷനും ഉറപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ